സ.ഉ.(സാധാ) നം.1348/2022/H&FWD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - കേന്ദ്രാവിഷ്കൃത പദ്ധതി - ദേശീയ വയോജനാരോഗ്യ പദ്ധതി (National Programme for Health Care of Elderly -NPHCE) - തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ റീജിയണൽ ജെറിയാട്രിക് സെന്ററിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരുടെ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്

സ.ഉ.(സാധാ) നം.1348/2022/H&FWD തീയതി,തിരുവനന്തപുരം, 11-06-2022

പരാമർശം:-

1.) സ.ഉ(സാധാ)നം.1853/2021/ആകുവ തീയതി 01.09.2021

2.) സ.ഉ(സാധാ)നം.2813/2021/ആകുവ തീയതി 15.12.2021

3.) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 25.01.2022, 13.04.2022 തീയതികളിലെ പി3/19066/2021/മെ.വി.വ.ക നമ്പർ കത്തുകൾ

4) കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രാലയത്തിന്റെ 28.02.2022 തീയതിയിലെ ടി.21021/27/2010-എൻ.സി.ഡി നമ്പർ കത്തിനോടൊപ്പം ലഭ്യമാക്കിയിരുന്ന D.ONo.G-25015/6/2021-NCD-II നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

ഉത്തരവ്

തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ റീജിയണൽ ജെറിയാട്രിക് സെന്ററിൽ കരാർ അടിസ്ഥാനത്തിൽ മെഡിക്കൽ സോഷ്യൽ വർക്കർ, ഫിസിയൊ തെറാപ്പിസ്റ്റ്, സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളിൽ നിയമിക്കപ്പെട്ടവരുടെ കരാർ കാലാവധി പരാമർശം 2 പ്രകാരം ദീർഘിപ്പിച്ച നൽകിയിരുന്നു. നിലവിൽ പ്രസ്തുത ജീവനക്കാരുടെ കരാർ കാലാവധി അവസാനിച്ചതിനാൽ ടി കാലാവധി നീട്ടിനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 3 പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ കാലാവധി 31.03.2024 വരെ ദീർഘിപ്പിച്ച നൽകിയും പ്രസ്തുത ജീവനക്കാരുടെ ശമ്പള കുടിശ്ശിക ഇനത്തിൽ 37.89 ലക്ഷം രൂപ റീ-ഇംപേഴ്സ്മെന്റ് ചെയ്തുകൊണ്ടും പരാമർശം 4 പ്രകാരം കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രാലയം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം റീജിയണൽ ജെറിയാട്രിക് സെന്ററിന് 31.03.2024 വരെയുള്ള കാലയളവിലേക്ക് തുടർച്ചാനുമതി ലഭിച്ചിട്ടുള്ളതിനാലും ജീവനക്കാരുടെ ശമ്പള കുടിശ്ശിക ഇനത്തിൽ 37.89 ലക്ഷം രൂപ റീയിംബേഴ്സ് ചെയ്ത് ലഭിച്ച സാഹചര്യത്തിലും താഴെ പറയുന്ന ജീവനക്കാരുടെ സേവന കാലാവധി ചുവടെ ചേർക്കും പ്രകാരം ദീർഘിപ്പിച്ച നൽകുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി

സ.ഉ.(സാധാ) നം.1348/2022/H&FWD

നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്രമ നമ്പർ	പേര്	തസ്തിക	സേവന കാലാവധി
1	ശ്രീമതി.രേണുകുമാരി.കെ.ആർ	മെഡിക്കൽ സോഷ്യൽ വർക്കർ	13.09.2021 മുതൽ 10.03.2022 വരെ
2	ശ്രീമതി.അനുജാദാസ്.എസ്	ഫിസിയോ തെറാപ്പിസ്റ്റ്	15.09.2021 മുതൽ 12.03.2022 വരെ
3	ശ്രീമതി.ഷൈമ.കെ.ജെ	സ്റ്റാഫ് നഴ്സ്	27.09.2021 മുതൽ 24.03.2022 വരെ

3) കരാർ കാലാവധി ദീർഘിപ്പിച്ചു നൽകപ്പെട്ട മേൽ ജീവനക്കാരുടെ ശമ്പള കുടിശ്ശിക വിതരണം ചെയ്യുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി സുരേന്ദ്രൻ പിള്ള
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് കോപ്പി
പകർപ്പ്- ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസിന്
ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ് (യു.ഒ (ആർ) നം.2004293/HLT-B1/20/2022-Fin dated 30.05.2022)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ

ഉത്തരവിൻ പ്രകാരം

Signed by P K Santhosh
Date: 13-06-2022 10:55:47
സെക്ഷൻ ഓഫീസർ